പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6125 07.07.2014- ൽ മറുപടിക്ക്

**കിടപ്പിലായ രോഗികളെ പരിചരിക്കുന്നവർക്ക്**
**നൽകുന്ന പെൻഷൻ സ്കീം**

ചോദ്യം

ശ്രീ. പി. തിലോത്തമൻ

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ, കിടപ്പിലായ രോഗികളെ പരിചരിക്കുന്നവർക്ക് പെൻഷൻ നൽകുന്ന സ്കീം പ്രകാരം ചേർത്തലയിൽ എത്ര പേർക്ക് ആനുകൂല്യം നൽകുന്നുണ്ടെന്ന് പറയാമോ; എത്ര അപേക്ഷകൾ ഈ സർക്കാരിന്റെ കാലയളവിൽ പരിഗണിച്ചു എന്നും എത്ര അപേക്ഷകൾ പരിഗണിക്കാനുണ്ടെന്നും പറയാമോ; | (എ) | ചേർത്തല മുനിസിപ്പൽ പ്രദേശത്തുള്ള 100 പേർക്ക് ആശ്വാസകിരണം പദ്ധതി പ്രകാരമുള്ള ധനസഹായം അനുവദിച്ചു വരുന്നു. ഇവരെല്ലാം തന്നെ ഈ സർക്കാരിന്റെ കാലത്ത് ധനസഹായം ലഭ്യമായവരാണ്. ധനസഹായത്തിനുള്ള 87 അപേക്ഷകൾ പരിശോധിച്ചു വരുന്നു. |
| (ബി) | ഏതെല്ലാം വിഭാഗത്തിൽപ്പെട്ട രോഗങ്ങൾ മൂലം കിടപ്പിലായവർക്കും എത്ര പ്രായമുള്ളവർക്കും പരിചരണം നൽകുന്നവർക്കാണ് ഇപ്രകാരം പെൻഷൻ നൽകുന്നതെന്നു പറയാമോ? | (ബി) | തീവ്രമായ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരും ശയ്യാവലംബരായി വീട്ടിനുള്ളിൽ തന്നെ കഴിയേണ്ടി വരുന്നവരെയും ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യം എന്നീ രോഗികളെയും പരിചരിക്കുന്നവർക്കാണ് ആശ്വാസകിരണം പദ്ധതി പ്രകാരമുള്ള ധനസഹായം നൽകിവരുന്നത്. പെൻഷൻ അനുവദിക്കുന്നതിന് പ്രായപരിധി നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ